ഉത്തരം

ഫോട്ടോസ്റ്റാറ്റ് മെഷീൻ ആവശ്യമുള്ള 691 ഗ്രാമപഞ്ചായത്തുകൾ ഓരോ ലക്ഷം രൂപ വീതം പഞ്ചായത്ത് ഡയറക്ടറേയും, 88 ബ്ലോക്ക് പഞ്ചായത്തുകൾ ഓരോ ലക്ഷം രൂപ വീതം ഗ്രാമവികസന കമ്മീഷണറേയും ഏൽപ്പിച്ചിട്ടുണ്ട്. വിവിധ തീയതികളിലായാണ് തുക ലഭിച്ചിട്ടുള്ളത്. മെഷീനുകൾ വാങ്ങുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ടെണ്ടർ ക്ഷണിക്കുകയും, 10 കമ്പനികളുടെ ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. ഇവ സർക്കാർ വിശദമായി പരിശോധിക്കുകയും 10 കമ്പനികളും അവരവരുടെ മെഷീനുകളുടെ ഒരു ഡെമോൺസ്ട്രേഷൻ ടെക്നിക്കൽ കമ്മിറ്റി മുൻപാകെ നടത്തുകയുമുണ്ടായി. ഇത് സംബന്ധിച്ച് നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലാണ് മെഷീൻ നൽകാതിരിക്കുന്നത്.

ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച തുക

25(405) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി . എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് 1996 മാർച്ചിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ടായിരുന്നു ;

(ബി) അതിനുശേഷം ഓരോ വർഷത്തിലും എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നീക്കിവച്ച തുകയിൽ നിന്ന് ഓരോ വർഷത്തിലും എത്ര ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 14.300 ലക്ഷം രൂപ.

(ബി) 1996-നു ശേഷം ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച തുക ചുവടെ ചേർക്കുന്നു.

വർഷം	തുക (കോടിയിൽ)
1997-98	653.13
1998-99	527.23
1999-2000	877.81
2000-2001	910.77

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ചെലവഴിച്ച തുകയുടെ ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

	97-98	98-99	99-2000
ഗ്രാമ പഞ്ചായത്ത്	40477.94	34080.20	56661.878
ബ്ലോക്ക് പഞ്ചായത്ത്	10229.28	8201.50	13997.95
ജില്ലാ പഞ്ചായത്ത്	11314.37	6555.01	62252.75

പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രമോഷനിലുള്ള അനോമലി പരിഹരിക്കാൻ നടപടി

26(406) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രമോഷനിലുള്ള അനോമലി പരിഹരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ എന്തെങ്കിലും പ്രൊപ്പോസൽ ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാർക്കും അതിന്റെ ഹീഡർ കാറ്റഗറിയായ ജൂനിയർ സൂപ്രണ്ടുമാർക്കും ഒരേ ശംബള സ്കെയിലാണ് നൽകിയിട്ടുള്ളത്. ഇതു പരിഹരിക്കുന്നതിനുള്ള നിർദ്ദേശമാണ് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുള്ളത്.

(സി) ഇക്കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ചു പരിശോധിച്ചു വരുന്നു.

കണ്ടല്ലൂർ പഞ്ചായത്തിൽ സെക്രട്ടറിയെ നിയമിക്കാൻ നടപടി

27(407) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കണ്ടല്ലൂർ പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ് മറ്റൊരു ഉദ്യോഗസ്ഥൻ വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം പഞ്ചായത്തിന്റെ പദ്ധതികൾ ഈ വർഷത്തേത് അംഗീകാരത്തിനായി സമർപ്പിക്കാൻ സമയത്ത് കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly